**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2339</u>** **<u>07.02.2019-ൽ മറുപടിക്ക്</u>**

**<u>ഗുണഭോക്തൃ കമ്മറ്റി കൺവീനർമാർക്ക് ജി.എസ്.ടി</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ബി.ഡി. ദേവസ്സി | | ഡോ. ടി.എം. തോമസ് ഐസക്ക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | ഗുണഭോക്തൃ കമ്മറ്റി കൺവീനർമാർ മുഖേനയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് ജി.എസ്.ടി ബാധകമാക്കിയതുമൂലം ഉണ്ടായ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | ചരക്കുസേവനനികുതി നിയമപ്രകാരം 20 ലക്ഷം രൂപ വാർഷികവിറ്റുവരവിൽ കൂടുതലുള്ളവർക്ക് (ഇപ്പോൾ 40 ലക്ഷമായി ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്) മാത്രമേ രജിസ്ട്രേഷൻ എടുക്കുന്നതിനും നികുതി അടയ്ക്കുന്നതിനും ബാധ്യതയുള്ളൂ. എന്നാൽ, 50 ലക്ഷം രൂപവരെ വിറ്റുവരവുള്ളവർക്ക് 6% നികുതിനിരക്കിൽ കോമ്പോസിഷൻ പദ്ധതി സ്വീകരിക്കാവുന്നതാണ്. ആയതിനാൽ 20 ലക്ഷം രൂപ വാർഷികവിറ്റുവരവിന് മുകളിൽ കരാർ നടത്തുകയാണെങ്കിൽ മാത്രമേ ഗുണഭോക്തൃ കമ്മിറ്റികളോ മറ്റു കരാറുകാരോ ചരക്കുസേവനനികുതി രജിസ്ട്രേഷൻ എടുക്കുകയും നികുതി ഒടുക്കുകയും ചെയ്യേണ്ടതുള്ളൂ.<br>ജി.എസ്.ടി രജിസ്ട്രേഷൻ എടുക്കുന്നതിന് രജിസ്ട്രേഷൻ ഫീസ് നിഷ്കർഷിച്ചിട്ടില്ല. പ്രസ്തുത കരാർ പൂർത്തീകരിച്ചതിന് ശേഷം ടി രജിസ്ട്രേഷൻ ആവശ്യമില്ലെങ്കിൽ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണ്. |
| (ബി) | കൺവീനർമാർക്ക് ജി.എസ്.ടി രജിസ്ട്രേഷനില്ലാത്തതിനാൽ ടാക്സ് അടയ്ക്കാൻ സാധിക്കാത്ത പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ